പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 375 — 10.06.2014-ൽ മറുപടിയ്ക്ക്

# കാസർഗോഡ് ജില്ലയിൽ വൈദ്യുതി തകരാർ ഒഴിവാക്കാൻ നടപടി

ചോദ്യം

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി തകരാർ സ്ഥിര സംഭവമാണെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ജില്ലയിൽ കാറ്റോ മഴയോ ഉണ്ടായാൽ സ്ഥിരമായി വൈദ്യുതി തകരാറുണ്ടാകുകയും, പുന:സ്ഥാപിക്കാൻ ദിവസങ്ങളെടുക്കുകയും ചെയ്യുന്ന സംഭവങ്ങൾ ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) & (ബി) ഏപ്രിൽ-മെയ് മാസങ്ങളിൽ കാസർഗോഡ് വിദ്യാനഗർ സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായും മാടക്കത്തറ-ഷൊർണ്ണൂർ 220 കെ.വി ലൈൻ പെട്ടെന്നുണ്ടായ പ്രകൃതി ക്ഷോഭത്തിൽ പൊട്ടി വീണതുകൊണ്ടും കണിയമ്പറ്റ-മൈസൂർ 220 കെ.വി ലൈൻ തകരാർ കാരണവും കാസർഗോഡ് ജില്ലയിലും ഉത്തര കേരളത്തിലും ലോഡ് നിയന്ത്രണം വേണ്ടി വന്നിരുന്നു. ഈ സാഹചര്യങ്ങളിൽ അനിവാര്യമായ ലോഡ് നിയന്ത്രണം ഏർപ്പെടുത്തിയത് മാധ്യമങ്ങൾ വഴി പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ട്. കൂടാതെ കാറ്റിലും മഴയിലും 11 കെ.വി ലൈനുകളും എൽ.ടി ലൈനുകളും മരങ്ങൾ വീണ് തകരാറിലാവാറുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം കാസർഗോഡ് ജില്ലയിൽ ഇപ്രകാരമുള്ള തടസ്സങ്ങൾ ഒഴിവാക്കുവാൻ വിഷമകരമാണ്. എന്നാൽ പ്രസ്തുത ലൈനുകൾ ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ശരിയാക്കി വൈദ്യുതി പുനഃസ്ഥാപിക്കുവാൻ വേണ്ട നടപടികളെടുക്കുന്നുണ്ട്. കൂടാതെ, പ്രീമൺസൂൺ അറ്റകുറ്റപ്പണികളുടെ ഭാഗമായി ലൈനുകളിൽ തൊട്ടുനിൽക്കുന്ന മരച്ചില്ലകളുടെ ഭാഗങ്ങൾ വെട്ടിമാറ്റുവാനും കർശനമായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വൈദ്യുതി തകരാറുണ്ടായാൽ അപ്പോൾ തന്നെ അറിയാനും, അപ്പപ്പോൾ പരിഹരിക്കാനും സഹായകമായ സാങ്കേതിക സൗകര്യങ്ങൾ ഉണ്ടായിട്ടും കാസർഗോഡ് ജില്ലയിൽ മാത്രം ഇത്തരം അനാസ്ഥ തുടരുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ ?

(സി) വൈദ്യുതി തകരാറുകൾ സംഭവിക്കുന്നത് സാങ്കേതിക തകരാറുകൾ വരുമ്പോഴോ പ്രകൃതിക്ഷോഭം കൊണ്ടോ ആണ്. പ്രസ്തുത തകരാറുകൾ കഴിവതും വേഗം പരിഹരിച്ച് വൈദ്യുതി പുനഃസ്ഥാപിയ്ക്കുവാൻ ശ്രമിക്കുന്നുണ്ട്. ഒരേ സമയം ഒരു സെക്ഷന്റെ പല ഭാഗങ്ങളിൽ ഒരുമിച്ച് തകരാറുകൾ സംഭവിക്കുന്ന അവസരങ്ങളിൽ വൈദ്യുതി പുനഃസ്ഥാപിക്കുവാൻ കാലതാമസം ഉണ്ടാവുക സാധാരണമാണ്. ഇക്കാര്യത്തിൽ ബോർഡ് ജീവനക്കാരുടെ അനാസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ.